**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1740** **29-09-2025 - ൽ മറുപടിയ്ക്ക്**

**ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എ. സി. മൊയ്തീൻ** | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| (എ) ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ (എഫ്. പി. ഒ.) പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ ഊർജ്ജിതപ്പെടുത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ? | (എ) ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ (എഫ്.പി.ഒ) പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ ഊർജ്ജിതപ്പെടുത്തുന്നതിന് കൃഷി വകുപ്പ് മുഖാന്തിരം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br><br>1. **RKVY FPO പ്രോത്സാഹന പദ്ധതിയിൽ ഉൾപ്പെടുത്തി** നാളിതുവരെ 50 കർഷക ഉൽപ്പാദക സംഘടനകൾ പുതുതായി രൂപീകരിക്കുകയും നിലവിലുള്ള 50 കർഷക ഉൽപ്പാദക സംഘടനകളെ ശാക്തീകരിക്കുന്ന പ്രവർത്തനങ്ങൾ തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്.<br><br>**2. സൂക്ഷ്മ, ചെറുകിട ഇടത്തരം മൂല്യവർദ്ധിത പ്രോത്സാഹന പദ്ധതി (MSME)**ൽ എല്ലാ കാർഷിക ഉത്പന്നങ്ങളുടെയും മൂല്യവർധനവ് ലക്ഷ്യമിട്ടുകൊണ്ട് ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം (എസ്.എഫ്.എ.സി) മുഖേന നടപ്പിലാക്കുന്നു. ടി പദ്ധതിയിൽ കാർഷിക സംരംഭകർക്ക് ഫാക്ടറിയുടെ കെട്ടിട നിർമ്മാണം, യന്ത്രവത്ക്കരണം, മാലിന്യസംസ്കരണം, സാങ്കേതികവിദ്യ, പാക്കേജിംഗ സംവിധാനങ്ങൾ എന്നിവയ്ക്ക് ആനുകൂല്യങ്ങൾ നൽകുന്നു. സബ്സിഡിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | സംരംഭം | മൂലധന നിക്ഷേപം | സബ്സിഡി |
|---|---|---|---|
| 1 | സൂക്ഷ്മതല സംരംഭം | 10 ലക്ഷം രൂപ മുതൽ 25 ലക്ഷം രൂപ വരെയുള്ള സംരംഭം | 50% പരമാവധി 10 ലക്ഷം |
| 2 | ചെറുകിട സംരംഭം | 25 ലക്ഷം മുതൽ 1 കോടി വരെയുള്ള സംരംഭം | 40% പരമാവധി 25 ലക്ഷം |
| 3 | ഇടത്തരം സംരംഭം | 1 കോടി മുതൽ 5 കോടി വരെയുള്ള സംരഭം | 30% പരമാവധി 50 ലക്ഷം |

**3. നിലവിലുള്ള കർഷക ഉത്പാദക സംഘടനകളുടെ പുനരുദ്ധാരണം (Revamping of FPOs)**

മൂന്നു വർഷത്തിനു മേൽ പ്രവർത്തിച്ചുവരുന്ന എഫ്.പി.ഒ-കളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുള്ള പദ്ധതിയാണിത്. പ്രോജക്ട് അടിസ്ഥാനത്തിൽ നടപ്പാക്കുന്ന ഈ പദ്ധതിയിൽ നിലവിലുള്ള എഫ്.പി.ഒ.-കളുടെ ബിസിനസ് വിപുലീകരിക്കുന്നതിനായുള്ള ഘടകങ്ങൾ ഉൾപ്പെടുത്തി ജില്ലാതല ടെക്നിക്കൽ കമ്മിറ്റി തെരഞ്ഞെടുത്ത എഫ്.പി.ഒ.-കൾക്ക് ആനുകൂല്യം നൽകുന്നു.

**4. Promotion of FPOs - Support for innovative projects on horticultural crop by FPO - through SFAC Kerala – 2024-25**

ഉദ്യാന വിളകളുടെ മൂല്യവർധിത യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും അവയുടെ വിപണന സംവിധാനം ഒരുക്കുന്നതിനും രജിസ്റ്റർ ചെയ്ത് 3 വർഷം കഴിഞ്ഞതും മറ്റു പദ്ധതികളിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ എഫ്.പി.ഒ.-കൾക്ക് പദ്ധതി അടിസ്ഥാനത്തിൽ സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെ ധനസഹായത്തോടെ എസ്.എഫ്.എ.സി.-കേരള മുഖേന നടപ്പിലാക്കിവരുന്ന ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 14 ജില്ലകളിലെയും ജില്ലാതല കമ്മിറ്റി തെരഞ്ഞെടുക്കുന്ന എഫ്.പി.ഒ.-കളുടെ പദ്ധതികൾക്ക് സംസ്ഥാനതല സാങ്കേതിക പരിശോധന കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി ബാക്ക് എൻഡഡ് സബ്സിഡിയായി ധനസഹായം അനുവദിക്കുന്നു.

**5. ആർ.കെ. ഐ പമ്പാ ബേസിൻ പദ്ധതി (RKI Pamba Basin Project)**

Rebuild Kerala Initiative–(RKI) -ന് കീഴിൽ പമ്പാ നദീ തടത്തിലുള്ള എഫ്.പി.സി.കളുടെ വികസനത്തിനും മെച്ചപ്പെട്ട മാർക്കറ്റിംഗ് ലിങ്കേജ് സ്ഥാപിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. എസ്.എഫ്.എ.സി യുടെ കീഴിൽ പ്രോജക്ട് ഡയറക്ടർ ആത്മ മുഖേന പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലായാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. RKVY എഫ്.പി.ഒ. പ്രോത്സാഹന പദ്ധതിയിൽ ഉൾപ്പെട്ട എഫ്.പി.സി–കളും strengthening of FPO scheme –ലെ എഫ്.പി.സി –കളും ഉൾപ്പടെ ആകെ 27 എഫ്.പി.സി.കളെ പദ്ധതിയിൽ ഉൾപ്പെടുത്തി യിട്ടുണ്ട്.

**6. പതിനായിരം എഫ്.പി.സി പദ്ധതി (10,000 FPOs)**

കേന്ദ്ര സർക്കാരിന്റെ പതിനായിരം എഫ്.പി.സി പദ്ധതിയുടെ നോഡൽ ഏജൻസിയായി എസ്.എഫ്.എ.സി കേരള പ്രവർത്തിച്ചു വരുന്നു.

**7. കൃഷിയിടാധിഷ്ഠിത ആസൂത്രണ വികസന പദ്ധതി പ്രകാരം രൂപീകരിച്ച കർഷക ഉൽപ്പാദക സംഘടനകളുടെ ശാക്തീകരണം:**

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് 2022–23 സാമ്പത്തിക വർഷം മുതൽ “ഫാം പ്ലാൻ വികസന പദ്ധതി” (FPDP)യുടെ ഭാഗമായി നിലവിൽ 100 FPO-കൾ സജീവമായി പ്രവർത്തിച്ചുവരുന്നു.<br><br>ഫാംപ്ലാൻ പദ്ധതിയുടെ ഭാഗമായി ഉൽപാദനം, മൂല്യവർദ്ധനവ്, വിപണനം എന്നിവ ലക്ഷ്യമാക്കി രൂപീകരിച്ചിട്ടുള്ള ഈ 100 FPOകളുടെ ശാക്തീകരണത്തിനായി നടപ്പ് സാമ്പത്തിക വർഷത്തിൽ പരമാവധി അഞ്ചു ലക്ഷം രൂപ വരെ പ്രൊജക്റ്റ് അടിസ്ഥാനത്തിൽ ധനസഹായം നൽകുന്നു. |

സെക്ഷൻ ഓഫീസർ